കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വടകര നഗരസഭ-വ്യവസായ എസ്റ്റേറ്റ് സ്ഥലം കൈയൊഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) നം. 1579/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 11-6-2012

പരാമർശം :-
1. വടകര നഗരസഭയുടെ 9-1-12-ലെ 20-ാം നമ്പർ തീരുമാനം
2. വടകര നഗരസഭാ സെക്രട്ടറിയുടെ 24-1-12-ലെ ആർ 7-7000/08 നമ്പർ കത്ത്
3. നഗരകാര്യ ഡയറക്ടറുടെ 14-3-12-ലെ ജി3-2115/12 നമ്പർ കത്ത്
4. വടകര നഗരസഭാ സെക്രട്ടറിയുടെ 15-5-12-ലെ ആർ 7-7000/08 നമ്പർ കത്ത്

ഉത്തരവ്

വടകര നഗരസഭ ഐ.ഡി.എസ്.എം.ടി പദ്ധതിയിൻ കീഴിൽ വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിന് 1.8481 ഹെക്ടർ സ്ഥലം അക്വയർ ചെയ്യുകയും സെന്റിന് 50,000/ രൂപ വിലനിശ്ചയിച്ച് വ്യവസായ സംരംഭകർക്ക് വ്യവസായം ആരംഭിക്കാൻ അനുവദിക്കുകയും ചെയ്തിരുന്നു. മുഴുവൻ സ്ഥലവിലയും പലിശയും പത്ത് വർഷം കൊണ്ട് തിരിച്ചടക്കണമെന്നായിരുന്നു നഗരസഭ വ്യവസായ സംരംഭകരുമായി ഉണ്ടാക്കിയിരുന്ന കരാർ. അപ്രകാരം സ്ഥലവില പൂർണ്ണമായി അടച്ചുതീർത്ത വടകര നഗരസഭയിലെ വ്യവസായ എസ്റ്റേറ്റിലെ, മരണപ്പെട്ട ശ്രീ. ബൈജുനാഥ്.പി. എന്നയാൾക്ക് അനുവദിച്ച 9.981 സെന്റ് വിസ്തൃതിയുള്ള പ്ലോട്ട് നമ്പർ 10 ന്റെ പൂർണ്ണമായ ഉടമസ്ഥാവകാശം ടിയാന്റെ നിയമപ്രകാരമുള്ള അവകാശികൾക്ക് രജിസ്റ്റർ ചെയ്തു നൽകുന്നതിന് പരാമർശം (1) പ്രകാരം നഗരസഭ തീരുമാനിക്കുകയും ആയതിന്റെ അനുമതിയ്ക്കായി പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായിപരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വടകര നഗരസഭയുടെ വ്യവസായ എസ്റ്റേറ്റിലെ സർവേ 230/19-ൽപ്പെട്ട 9.981 സെന്റ് വിസ്തൃതിയുള്ള പ്ലോട്ട് നമ്പർ 10 ന്റെ പൂർണ്ണമായ ഉടമസ്ഥാവകാശം 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിയലും) ചട്ടങ്ങളിലെ ചട്ടം (6) പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 215 (1) വകുപ്പ് പ്രകാരവും സ്ഥലം വ്യാവസായിക ആവശ്യത്തിന് മാത്രമേ ഉപയോഗപ്പെടുത്താവൂ എന്ന നിബന്ധനയ്ക്ക് വിധേയമായി ശ്രീ. ബൈജുനാഥ്.പി. യുടെ നിയമപ്രകാരമുള്ള അവകാശികൾക്ക് രജിസ്റ്റർ ചെയ്തു നൽകുന്നതിന് വടകര നഗരസഭക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ. ആർ. ശ്രീലേഖ,
അണ്ടർ സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് & അക്കൗണ്ട്സ്, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സെക്രട്ടറി, വടകര നഗരസഭ 673101
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.